കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റിക്ക് ഗ്രാന്റിനത്തിൽ നൽകുവാനുള്ള തുക

1209 [2177] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ലോക്കൽ ലൈബ്രറി അതോറിറ്റിക്ക് ഗ്രാന്റ് ഇനത്തിൽ 1986 ജൂൺ 30 വരെ ഗവൺമെന്റ് നൽകുവാനുള്ള മൊത്തം തുക എത്രയാണെന്നു വ്യക്തമാക്കാമോ;

(ബി) ഗ്രാന്റ് യഥാവസരം ലഭ്യമാക്കാത്തതുമൂലം ജീവനക്കാരുടെ ശമ്പളം, പത്രമാസികകൾക്കുള്ള വരിസംഖ്യ, കെട്ടിടവാടക, വൈദ്യുതി ചാർജ്ജ് എന്നിവ നൽകാൻ കഴിയാതെ അതോറിറ്റി ബുദ്ധിമുട്ടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഈ അതോറിറ്റിയുടെ 1982–83 വരെയുള്ള ആഡിറ്റ് നടന്നിട്ടുള്ളൂ. അതിനുശേഷമുള്ള കൊല്ലങ്ങളിലേതും നടന്നാലേ ഗവൺമെന്റ് നൽകാനുള്ള തുക എത്രയെന്ന് അറിയൂ.

(ബി) ആഡിറ്റ് റിപ്പോർട്ട് കൂടാതെതന്നെ അഡ്വാൻസ് ഗ്രാന്റ് കൊടുക്കുന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

1210 [2179] ശ്രീ. വി. വി. ജോസഫ്:
,, ഇ. ജെ. ലൂക്കോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) കൂടുതൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങാനുദ്ദേശമുണ്ടോ?

ഉത്തരം

(എ) കളമശേരിയിൽ ഒരു ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടും, തിരുവനന്തപുരത്തും കോഴിക്കോട്ടും, കോട്ടയത്തും, തൃശൂരും, കണ്ണൂരും അതിന്റെ ഓരോ എക്സ്റ്റൻഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ

1211 [2180] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര സർവ്വീസ് സഹകരണ സംഘങ്ങൾ ഉണ്ട്;

(ബി) അവയിൽ വ്യവസായ സഹകരണ സംഘങ്ങൾ എത്ര;

(സി) ഹരിജൻ സഹകരണ സംഘങ്ങൾ എത്ര;

(ഡി) ഈ സഹകരണ സംഘങ്ങളിലെല്ലാം കൂടെ ആകെ എത്ര ജീവനക്കാരുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1984–85 വരെയുള്ള മുഴുവൻ കൊല്ലങ്ങളിലും ഓഡിറ്റ് കഴിഞ്ഞ എത്ര സഹകരണ സംഘങ്ങൾ ഉണ്ട്;

(എഫ്) മൂന്നു കൊല്ലമായി ഓഡിറ്റ് ചെയ്യാത്ത സംഘങ്ങൾ എത്ര;

(ജി) മൂന്നു കൊല്ലത്തിൽ കൂടുതൽ കൊല്ലം ഓഡിറ്റ് ചെയ്യാത്ത സംഘങ്ങൾ എത്ര;

(എച്ച്) ഇങ്ങനെ ഓഡിറ്റ് ചെയ്യാൻ വൈകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 30–6–1985–ലെ കണക്കനുസരിച്ച് 1570 സർവ്വീസ് സഹകരണ സംഘങ്ങൾ ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 30–6–1986–ലെ കണക്കനുസരിച്ച് 552 പട്ടികജാതി സഹകരണ സംഘങ്ങൾ ഉണ്ട്.

(സി) സർവ്വീസ് സഹകരണ സംഘങ്ങളിൽ 30–6–1984–ലെ കണക്കനുസരിച്ച് ആകെ 14931 ജീവനക്കാർ ഉണ്ട്.

പട്ടികജാതി സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെയും, വ്യാവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെയും വിവരം ശേഖരിച്ചുവരുന്നു.

(ഇ) 1957 സംഘങ്ങളിൽ ഓഡിറ്റ് തീർന്നിട്ടുണ്ട്.

(എഫ്) 2063 സംഘങ്ങൾ

(ജി) 961 സംഘങ്ങൾ

(എച്ച്) സ്റ്റാഫിന്റെ അപര്യാപ്തതയാണ് പ്രധാന കാരണം.

തൊളിക്കോട് കൺസ്യൂമർ കോ–ഓപ്പറേറ്റീവ് സൊസൈറ്റി

1212 [2181] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിലെ തൊളിക്കോട് കൺസ്യൂമർ കോ–ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, നമ്പർ റ്റി. 806–ന്റെ പ്രവർത്തനം സ്തംഭനത്തിലാണെന്നറിയുന്നത് ശരിയാണോ;

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണം കുറ്റക്കാർക്കെതിരെ നടപടി നടത്താനോ കുടിശ്ശികകൾ പിരിച്ചെടുത്ത് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനോ ശ്രമിക്കുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥൻമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശരിയാണ്.

(ബി) ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഡിപ്പാർട്ടുമെന്റ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly